(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2121/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231
തീയതി14.12.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2121/2015
തിയതി: 14.12.16

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016മുതൽ 10.10.2016തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-10-2016 മുതൽ 21-10-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് സലിം .എം | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.സഞ്ജയ്.പി.ഐ | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.പ്രേം നാഥ്.ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി.സുനിതബാബു.ബി.എസ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - ശ്രീമതി. സുനി സോമൻ 01/04/2015 മുതൽ 31/03/2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ഗോപിനാഥൻ. കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.നന്ദകുമാർ.സി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.ഹരികുമാർ .റ്റി<br>ശ്രീ.പ്രദീപ് കുമാർ.ജി | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.സ്പിനോള.സി.എൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കലാവതി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.നെൽസൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റോഷ്നി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബീന.ജി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സെബാസ്റ്റ്യൻ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീന.പി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സൂരജ്.സി.ജെ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |

| | | | |
|---|---|---|---|
| 12 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 | |
| 13 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2-2 | |
| 14 | തൊഴിൽ നികുതി / സ്ഥാപന നികുതി ഈടാക്കുന്നതിന് നടപടിയില്ലാതെ പഞ്ചായത്ത് . | 2-3 | |
| 15 | മാർക്കറ്റ് സ്ററാളുകൾ , മാർക്കറ്റ് ലേലം - കുടിശ്ശിക ഈടാക്കിയിട്ടില്ല. | 2-4 | |
| 16 | കെട്ടിട നികുതി - കളക്ഷൻ - 29% | 2-5 | |
| 17 | കെട്ടിട പെർമിറ്റ് സംബന്ധിച്ച് | 2-6 | |
| | ഭാഗം 3 | | |
| 18 | ആവശ്യകത നിർണ്ണയം (എസ്റ്റിമേറ്റ്) നടത്തിയതിൽ വീഴ്ച – പ്രോജക്ട് പൂർണ്ണമായി നടപ്പിലാക്കിയില്ല. ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നു. | 3-1 | |
| 19 | കെൽട്രോണിൽ നിന്നും വാങ്ങിയ 540750/-രൂപയുടെ LED ലാമ്പുകൾ<br>സ്ഥാപിച്ചില്ല –പ്രോജക്ട് നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച. | 3-2 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 21 | വാഹനലേലം - നടപടിക്രമങ്ങളിൽ വീഴ്ച | 3-4 | |
| 22 | കെട്ടിട നിർമ്മിതിക്ക് മുമ്പേ ഫർണിച്ചർ വാങ്ങി, പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. | 3-5 | |

| | | | |
|---|---|---|---|
| | | | |
| 23 | Non Availability Certificate സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.<br>തുക തടസ്സപ്പെടുത്തുന്നു. | 3-6 | |
| 24 | പാലിയേറ്റീവ് കെയർ - വാഹന വാടക നൽകിയത് ക്രമവിരുദ്ധം. | 3-7 | |
| 25 | ജീവിത ശൈലീ രോഗ നിർണ്ണയ പരിപാടി മാർഗ്ഗരേഖക്ക് വിരുദ്ധം | 3-8 | |
| 26 | പ്രിന്റിംഗ് പ്രവൃത്തികൾ - അപാകതൾ | 3-9 | |
| 27 | വൃദ്ധജന പരിപാലനം - മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം - 149500/- രൂപ തടസ്സപ്പെടുത്തുന്നു | 3-10 | |
| 28 | വീരണക്കാവ് അംഗൻവാടി മെയിന്റനൻസ് - എസ്റ്റിമേറ്റിലെ അപാകത - 9000/- രൂപ നിരാകരിക്കുന്നു. | 3-11 | |
| 29 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ - ചെലവ് നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചില്ല. | 3-12 | |
| 30 | പദ്ധതി ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തണം | 3-13 | |
| 31 | ഗുണഭോക്തൃസമിതി കൺവീനർ മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ--- മാർഗ്ഗരേഖപാലിച്ചിട്ടില്ല. | 3-14 | |
| | ഭാഗം 4 | | |

| | | | |
|---|---|---|---|
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23/03/2015 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 06/06/2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 18-10-2016 | |

സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41796975 |
| വരവ് | 67836371 |
| ആകെ | 109633346 |
| ചെലവ് | 90504267 |
| നീക്കിയിരിപ്പ് | 19129079 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3387375 | 8250138 | 9895606 | 21533119 | 21533119 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2982155 | 4363053 | (_)1722155 | 5623053 | 5623053 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 403185 | 223250 | (-)207685 | 418750 | 418750 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 799628 | 5198510 | 0 | 5998138 | 5998138 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 698483 | 4798930 | 0 | 5497413 | 5497413 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4680408 | 13062617 | (-)4831644 | 12911381 | 12911381 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 6479000 | 2882514 | (-)3134122 | 6227392 | 6227392 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 260 | 97669976 | 200 | 67956159 | 32 | 28 | 76.9% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6708862 | 4261849 | (-)2447013 | (-)36% |
| നികുതിയേതര വരവുകൾ | 2399543 | 2779714 | (+)380171 | (+)15% |
| മറ്റുവരവുകൾ | 1767149 | 737997 | (-)1029152 | (-)58% |
| ആകെ | 10875554 | 7779560 | (-)3095994 | (-)28% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്ന

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1417440 | 831 |
| കർഷകതൊഴിലാളി പെൻഷൻ | 3145380 | 532 |

| | | |
|---|---|---|
| വിധവാപെൻഷൻ | 13164640 | 1157 |
| വാർദ്ധക്യകാലപെൻഷൻ | 16899450 | 2200 |
| വികലാംഗപെൻഷൻ | 5501245 | 523 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 629120 | 79 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/10/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14320/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തി ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടതാണ്. മഴ പെയ്യുമ്പോൾ നനയുന്ന അവസ്ഥയുള്ളതിനാൽ ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ആധുനികവൽക്കരിക്കേണ്ടതാണ്. പ്രൊജക്ടുമായി ബന്ധപ്പെട്ട വൗച്ചറുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കേണ്ടതാണ്. റെക്കോഡ് റൂം, സ്റ്റോക്ക് റൂം എന്നിവ വൃത്തിഹീനമായ നിലയിലാണ് സൂക്ഷിച്ചിരിക്കുന്നത്. തെരുവ് വിളക്കുകൾക്ക് വാങ്ങിയ ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്നതിൽ അപാകതയുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയ്ക്ക് ശേഷം സ്റ്റോക്ക് റൂം വൃത്തിയാക്കുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിച്ചിട്ടുണ്ട്. മിനിറ്റ്സ് ബുക്കിൽചില പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു. ആയത് പൂർത്തിയാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ പ്രവർത്തനം ശുഷ്കമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിന്റെ തനതു വരുമാനം പിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും തനതു വരുമാനം പിരിച്ചെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/12/2015 മുതൽ 30/12/2015 വരെ | 01/09/2015 മുതൽ 30/11/2015 വരെ | 28/03/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/10/2014 | 2009-10 മുതൽ 2013-14 വരെ | 09/12/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

(എ) 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 5 പട്ടിക 1 ക്രമനമ്പർ 194 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണ്. പഞ്ചായത്തു പരിധിയിൽ 29 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് (ഓഡിറ്റ് എൻക്വയറി 4). എന്നാൽ ഇവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ട്രേഡ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 241 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത്. കാട്ടാക്കട മാർക്കറ്റ് ജംഗ്ഷനിൽ ( കൈതക്കോണം വാർഡ് 18) പ്രവർത്തിക്കുന്ന ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്, ഇന്റർലോക്ക് നിർമ്മാണ യൂണിറ്റ് , ഇലക്ട്രിക് ഷോപ്പുകൾ ഇവ പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടാതെയാണ് പ്രവർത്തിക്കുന്നത്. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഇവ ഡിമാന്റ് ചെയ്ത് ഈടാക്കാനും സാധിച്ചിട്ടില്ല. . ലൈസൻസ് നേടാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ , തീയതി 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ചതുരശ്രമീറ്ററിന് 500 രൂപയായാണ് പഞ്ചായത്ത് നികുതി നിശ്ചയിച്ചിട്ടുള്ളത്. മൊബൈൽ ടവറും അനുബന്ധ സൗകര്യങ്ങളായ ഡിജിറ്റൽ ഷെൽട്ടർ എന്നിവ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് പ്ലിന്ത് ഏരിയ കണക്കാക്കുന്നത്. പഞ്ചായത്ത് പരിധിയിൽ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട് (ഓഡിറ്റ് എൻക്വയറി 4). മൊബൈൽ ടവർ രജിസ്ററിൽ ഇവയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിനാൽ 2013-14, 2014-15, 2015-16 വർഷങ്ങളിലായി സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ എല്ലാ ടവറുകളുടെയും വിസ്തീർണ്ണം കണക്കാക്കി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്യുന്നതിനും നികുതി ഈടാക്കുന്നതിനും ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി / സ്ഥാപന നികുതി ഈടാക്കുന്നതിന് നടപടിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആക്ട് 204&205 തൊഴിൽ നികുതി ചട്ടം) ചട്ടം 10 പ്രകാരം പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്ററർ പ്രകാരം 80 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 27 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല. ഇവയിൽ 20 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് തനതു വരുമാനം കുറയുന്നതിന് ഇടയാക്കുന്നു. തനതുവരുമാനം നഷ്ടപ്പെടാതെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-4 മാർക്കറ്റ് സ്ററാളുകൾ , മാർക്കറ്റ് ലേലം - കുടിശ്ശിക ഈടാക്കിയിട്ടില്ല

(എ) വാർഷിക ധനകാര്യ പത്രിക പ്രകാരം 2014-15 വർഷം കാട്ടാക്കട മാർക്കറ്റ് ലേലം ഇനത്തിൽ 1114374 രൂപ കുടിശ്ശികയുണ്ട്. മേൽ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച നൽകിയ എൻക്വയറിക്ക് ( നമ്പർ 5) മറുപടി നൽകിയത്. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി തുക

ഈടാക്കേണ്ടതാണ്.

(ബി) മാർക്കറ്റ് സ്റ്റാളുകൾ വാടകയ്ക്കു നൽകിയതിൽ വാടക തുക അടവാക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നമ്പർ | വാടകക്കാരന്റെ പേര് | തുക അടവാക്കാത്ത കാലയളവ് | 2015-16 വർഷത്തെവാടക തുക |
|---|---|---|---|
| 1& 2 | ഷാജഹാൻ, എസ്.എസ് മൻസിൽ | 2014-15 & 2015-16 | (644+800)* 12 = 17328 |
| 4 , 5 & 8 | മുഹമ്മദ് കണ്ണ്, പനവിളാകത്ത് വീട് | 2013-14, 2014-15& 2015-16 | (639+768+610)*12= 24204 |
| 3 | കബീർ, സുനിലാ മൻസിൽ | 2013-14 (7 മാസം) 2014-15& 2015-16 | 534*12 = 6408 |
| 6 & 7 | മണിക്കുട്ടൻ, മണി മന്ദിരം | 2015-16 | (645+592)*12= 14844 |
| ആകെ | | | 62784 |

മാർക്കറ്റ് സ്റ്റാളുകളിലെ വാടക 2014-15 സാമ്പത്തിക വർഷം അടയ്ക്കാത്തവർക്ക് അടുത്ത സാമ്പത്തിക വർഷവും സ്റ്റാളുകൾ നൽകിയത് ശരിയായ നടപടിയല്ല. വാടകക്കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 കെട്ടിട നികുതി - കളക്ഷൻ - 29%

പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നാണ് വസ്തു നികുതി . വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിയതിൽ സഞ്ചയ സോഫ്റ്റ് വെയറിലുണ്ടായ അപാകതകൾ കാരണം അസസ്മെന്റ്, ഡിമാന്റ് എന്നിവ വ്യക്തികളുടെ പേര്, കെട്ടിട നമ്പർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയസോഫ്റ്റ് വെയറിലെ വിവരങ്ങൾ തിരുത്തൽനടത്തുന്ന നടപടികൾ തുടരുന്നതായാണ് ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത തിരുത്തൽ അടിയന്തിരമായി പൂർത്തിയാക്കിയാൽ മാത്രമേ കെട്ടിട നികുതി ഡിമാന്റ് ശരിയായ രീതിയിൽ ധനകാര്യകാര്യപത്രികയിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ അസസ്മെന്റ് വിവരങ്ങൾ ഉൾപ്പെടുത്തുന്ന നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തെ വസ്തുനികുതി കളക്ഷൻ 29% ശതമാനം മാത്രമാണ് 2015-16 ൽ നികുതി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും കുടിശ്ശികയുൾപ്പെടെയുള്ള തുക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 2-6 കെട്ടിട പെർമിറ്റ് സംബന്ധിച്ച്

കെട്ടിട പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന് നമ്പർ നൽകുന്ന മുറയ്ക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളിൽ പൂർത്തിയാക്കിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വാണിജ്യാവശ്യത്തിനു പെർമിറ്റ് നൽകുന്നവയിൽ കെട്ടിടം പൂർത്തീകരിക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി നിർണയിക്കുന്നതിനായി അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കുന്നില്ല. ഇത് തനതു വരുമാനത്തിന്റെ ചോർച്ചയ്ക്കു കാരണമാകുന്നു. കെട്ടിടപെർമിറ്റ്, റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കുന്നതിനും തൊഴിൽ നികുതി, ഡി& ഒ ലൈസൻസ് ഫീസ് എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആവശ്യകത നിർണ്ണയം (എസ്റ്റിമേറ്റ്) നടത്തിയതിൽ വീഴ്ച – പ്രോജക്ട് പൂർണ്ണമായി നടപ്പിലാക്കിയില്ല. ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നു

പ്രോജക്ട് നം. - 14/16
പ്രോജക്ടിന്റെ പേര് - തെരുവ് വിളക്ക് പരിപാലനം - LED ലാമ്പ് വാങ്ങൽ.
നിർവഹണം - സെക്രട്ടറി
അടങ്കൽ തുക – 542800/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് തുക - 540750/-രൂപ
ബിൽ നം. - 27/15-16 – തീയതി 08.01.2016

ഗ്രാമപഞ്ചായത്ത് 2015–16 വർഷം നടപ്പാക്കിയ പദ്ധതി തെരുവ് വിളക്ക് അറ്റകുറ്റപണി (പ്രോജക്ട് നം.9/16) പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക് സാധനങ്ങൾ വാങ്ങി. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോഴും ഭൗതിക പരിശോധനയിലും ടി ഉപകരണങ്ങൾ പൂർണ്ണമായി ഉപയോഗിച്ചതായി കണ്ടില്ല.
അവശേഷിക്കുന്ന സാമഗ്രികൾ തഴെപ്പറയുന്നവയാണ്.

1. 36 X 40 W Copper choke - 246 എണ്ണം (160.69 രൂപ) = 39529.74
2. 64 A Fuse unit - 1 എണ്ണം (319 രൂപ)
3. 256 W SV Bulb - 4 എണ്ണം (403.49 രൂപ) = 1614 രൂപ
4. 250 W SV Choke - 4 എണ്ണം (425രൂപ) = 1700 രൂപ
5. Elegric Ignator - 30 എണ്ണം (195രൂപ) = 5850 രൂപ
6. 1/W 4 pin CFC - 34 എണ്ണം (85.75രൂപ) = 2915 രൂപ

മൊത്തം = 51927.74 രൂപ

ഭൗതിക പരിശോധനയിൽ 36 x 40 w copper choke അവശേഷിക്കേണ്ടതിൽ 25 എണ്ണത്തിന്റെ കുറവ് കണ്ടു. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പ്രോജക്ട് പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് എസ്റ്റിമേറ്റ് എടുത്തതിൽ വീഴ്ചയു ണ്ടായി എന്നതാണ്. ഇതുമായി ബന്ധപ്പെട്ട് അതാത് വാർഡ് മെമ്പർമാരിൽ നിന്നുള്ള ആവശ്യകതാ നിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കിയല്ല പ്രോജ്ക്ട് തയ്യാറാക്കിയിരിക്കുന്നത്.

ചോക്കുകളിൽ 25 എണ്ണത്തിന്റെ കുറവ് വന്നതിനെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി 2-ന് “25 എണ്ണത്തിന്റെ ബോക്സിൽ നിന്നും 10 എണ്ണം കാട്ടാക്കട മാർക്കറ്റിലെ ലൈറ്റുകളുടെ റിപ്പയറിന് ഉപയോഗിക്കുകയും 15 എണ്ണം മാർക്കറ്റിൽ സൂക്ഷിച്ചിട്ടുള്ള തുമാണ്, ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നു" എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ലായിരുന്നു. എൻക്വയറിയിൽ ആവശ്യപ്പെട്ട പ്രകാരം ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ "പ്രോജക്ട് വളരെ തൃപ്തികരമായി നടപ്പാക്കിയിട്ടുള്ളതും ലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണ്" എന്നാണ് മറുപടി നൽകിയത്. ഇത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. ഉപയോഗിക്കാതെ കെട്ടികിടക്കുന്ന ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. 25 ചോക്ക് ഭൗതിക പരിശോധനയിൽ കാണാത്തത് മാർക്കറ്റിലേക്ക് കൊണ്ടുപോയപ്പോൾ സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്താതിരുന്നത് വീഴ്ചയാണ്. പൊതുപണം ഉപയോഗിച്ച് വാങ്ങിയ സാധനങ്ങൾ അലസമായി കൈകാര്യം ചെയ്യരുതെന്നും ഉപയോഗിക്കാതെ കെട്ടിക്കിടക്കുന്ന 51927.74 രൂപയുടെ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കുള്ള സാധനസാമഗ്രികൾ ഉപയോഗ പ്രദമാകും വിധത്തിൽ ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്യേണ്ടതാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. അവശേഷിച്ച സാധനങ്ങൾ ഉപയോഗിച്ചതിനെ സംബന്ധച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-2 കെൽട്രോണിൽ നിന്നും വാങ്ങിയ 540750/-രൂപയുടെ LED ലാമ്പുകൾ സ്ഥാപിച്ചില്ല – പ്രോജക്ട് നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച

പ്രോജക്റ്റ് നം. - SO09/16
പ്രോജക്റ്റിന്റെ പേര് - തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് ഉപകരണങ്ങൾ വാങ്ങൽ.
നിർവഹണം - സെക്രട്ടറി
അടങ്കൽ തുക – 500000/-രൂപ (പൊതുവിഭാഗം)
ചെലവ് തുക - 499946/-രൂപ
ബിൽ നം. - 24/15-16 – തീയതി 14.12.2015(ഡി.ഡി.നം.665686 തീയതി. 17.12.15)

2015–16 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ 'തെരുവ് വിളക്ക് പരിപാലനം (എൽ.ഇ.ഡി) ലാമ്പ് വാങ്ങൽ' എന്ന പദ്ധതി പ്രകാരം 105 ലാമ്പുകൾ (20 W, 230 W, AC – Street light and its Accessories) വാങ്ങിയിട്ടുണ്ട്. എന്നാൽ 2015–16 വർഷം ടി പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല. ഭൗതിക പരിശോധനയിൽ (സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും) ടി ഉപകരണങ്ങൾ ഉപയോഗിക്കാതെ കെട്ടിക്കിടക്കുന്നതായി കണ്ടു. പ്രോജക്റ്റ് നടപ്പിലാക്കാത്തതിനെ സംബന്ധിച്ചും ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിനടക്കം കെൽട്രോണിന് തുക നൽകിയിട്ടും സമയബന്ധിതമായി പ്രോജക്റ്റ് നിർവ്വഹിക്കാത്ത തിനെ സംബന്ധിച്ചുമുള്ള ഓഡിറ്റ് എൻക്വയറി 2-ന് (തീയതി.17.10.16) നൽകിയ മറുപടിയിൽ ഇങ്ങനെ പറയുന്നു. ടി ലാമ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സൂപ്പർവിഷൻ ചാർജ് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൂവച്ചൽ, കാട്ടാക്കട, ഒറ്റശേഖരമംഗലം - ഇലക്ട്രിക്കൽ സെക്ഷന് കത്തയച്ചുവെങ്കിലും ആയത് സമയബന്ധിതമായി ലഭിക്കുകയുണ്ടായില്ല. എന്നും ആയതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകേണ്ടത് എക്സിക്യൂട്ടിവ് എഞ്ചിനീയർ കാട്ടാക്കടയാണ് എന്നും അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സാധിക്കുകയുള്ളൂ എന്നും മാത്രമല്ല, പൂവച്ചൽ സെക്ഷൻ തെറ്റായ തുക ഡിമാന്റ് ചെയ്തതിനാലാണ് ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വൈകിയതെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ടി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൂപ്പർവിഷൻ ചാർജ് അടച്ചത് സംബന്ധിച്ചുള്ള വിവരങ്ങളും കെ.എസ്.ഇ.ബി-യിൽ നിന്നുള്ളതും വിവിധ വാർഡുകളിൽ (23 എണ്ണം) നിന്നുള്ള മെമ്പർമാരുടെയും മോണിറ്ററിംഗ് സമിതിയുടെയും പ്രോജക്റ്റ് പൂർണ്ണമായി നടപ്പിലാക്കി യത് സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 2016–17 വർഷം ഇത്തരം പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ 2015–16വർഷം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചതിന് ശേഷം മതിയായ ആവശ്യകതാ നിർണ്ണയം നടത്തിയേ പർച്ചേസ് ചെയ്യാവൂയെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

2015–16വർഷം സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു.
വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം/ തീയതി, പേര് | ബിൽ നം./വൗച്ചർ നം.തുക വിവരങ്ങൾ | തുക | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നം.3/16 എസ്.എസ്.എ. വിഹിതം നൽകൽ | ബിൽ നം.25/15-16 തീയതി. 14.12.15 | 1491597 | ഈ തുക വിനിയോ ഗിച്ചതിന്റെ പ്രവർ ത്തന റിപ്പോർട്ടും കൈപ്പറ്റ് രസീതും ഹാജരാക്കേണ്ടതാണ്. |
| 2 | പ്രോജക്റ്റ് നം.56/16 തേരിനട അണ്ടൂർ കോണം റോഡിൽ പോസ്റ്റ് മാറ്റി ഇലക്ട്രിക് ലൈൻ മാറ്റൽ (ഡെപ്പോ സിറ്റ് വർക്ക് - കെ.എസ്.ഇ.ബി) | വൗച്ചർ നം.405/16 18.08.15 ചെക്ക് നം.518607 തീയതി. 18.08.15 | 12895 | |

| | | | | |
|---|---|---|---|---|
| 3 | പ്രോജക്ട് നം.58/16 കാരവിള പൂളിങ്കീഴ് റോഡിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് വർക്ക് - കെ.എസ്.ഇ.ബി) | വൗച്ചർ നം.406/16 18.08.15 ചെക്ക് നം.518608 18.08.15 | 31871 | |
| 4 | പ്രോജക്ട് നം.57/16 അരുവിക്കുഴി ഇല ച്ചിലാമൂട് റോഡിൽ പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് വർക്ക് - കെ.എസ്.ഇ.ബി) | വൗച്ചർ നം.552/16 22.09.15 ചെക്ക് നം.518691 29.05.15 | 41480 | |
| 5 | പ്രോജക്ട് നം.60/16 ഇളംചിറ-കൈത ക്കുഴി കല്ലാമം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിറ്റി) | ബിൽ നം.36/16 ഡി.ഡി.നം. 511720/29.03.16 | 80000 | |
| 6 | പ്രോജക്ട് നം.61/16 മഠത്തികോണം ........റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിറ്റി) | ബിൽ നം.37/16 23.03.16 ഡി.ഡി.നം.511728/ തീയതി .29.03.16 | 118000 | |
| 7 | പ്രോജക്ട് നം.165/16 അംഗൻ വാടികൾക്ക് വൈദ്യുതീകരണം | ബിൽ നം.5/16 25.07.15 ഡി.ഡി.നം. 404877/27.07.15 | 183375 | |
| 8 | പ്രോജക്ട് നം.166/16 തെരുവ് വിളക്ക് സ്ഥാപി ക്കൽ സൂപ്പർവിഷൻ ചാർജ് | വൗച്ചർ 296/16 തീയതി.21.07.15 ചെക്ക് നം.518568/ 21.07.15 | 13950 | |
| 9 | " " | വൗച്ചർ നം.295/ 21.07.15 ചെക്ക് നം.518567/ 21.07.15 | 92000 | |
| 10 | പ്രോജക്ട് നം.59/15-16 മലവിള-ഊറ്റുകുഴിറോഡിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.35/16 തീയതി.23.03.16 ഡി.ഡി.നം.511719 29.03.15 | 220000 | |
| | | ആകെ | 2285168 | |

## 3-4. വാഹനലേലം - നടപടിക്രമങ്ങളിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ ജീപ്പ് കെ.എൽ.16 സി.1140–2005 മോഡൽ മഹീന്ദ്ര & മഹീന്ദ്രയുടെ ലേല ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാഹന ലേലത്തിൽ പങ്കെടുത്ത എത്രപേർക്ക് നിരതദ്രവ്യം തിരിച്ച നൽകി . ആർക്കൊക്കെയാണ് എന്നതു സംബന്ധിച്ച് ഫയലിൽ വ്യക്തതയില്ല. തിരികെ നൽകിയ തുക എത്രയാണെന്നും സ്പഷ്ടമല്ല. രസീത്, മറ്റുരേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. ലേലം സ്ഥിരപ്പെടുത്തിയ മുഹമ്മദ് അലി, മുക്കുംതല വിളാകം, കരമന ( 01.03.2016-ന് മുമ്പായി 247500/-രൂപ ഒടുക്കവരുത്താത്ത സാഹചര്യത്തിൽ തുടർ സ്ഥാനക്കാരെ അറിയിച്ച് തുക ഒടുക്കുന്നതിന് വേണ്ട നടപടി കൈക്കൊണ്ടിട്ടില്ല. പകരം പുനർലേലം നടത്തുകയാണുണ്ടായത്.
3. പുനർലേലം നടത്തിയ ലേല ഡയറി അപൂർണ്ണമാണ്. (ലേല തീയതി - ലേലവുമായി ബന്ധപ്പെട്ട സെക്ഷൻ ഉദ്യോഗസ്ഥൻ ഒപ്പുവച്ചിട്ടില്ല)
4. പുനർ ലേലത്തിൽ പങ്കെടുത്തവരുമായി ബന്ധപ്പെട്ട രേഖകൾ (തിരിച്ചറിയൽ കാർഡുകൾ) ഫയലിൽ ലഭ്യമല്ല.
5. വാഹനം ലേലത്തിൽ പിടിച്ച ശ്രീ.മാഹീൻ.എ, വള്ളുവൻകോട്, നെടുമങ്ങാട് എന്ന ആൾ 113000 രൂപയ്ക്ക് ലേലം പിടിച്ചെങ്കിലും എത്ര രൂപയാണ് ഒടുക്കിയിട്ടുള്ളതെന്നും, വാറ്റ് ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ടോ യെന്നും ഫയലിൽ നിന്നും വ്യക്തമല്ല. ലേലം വിളിച്ച തുകയോടൊപ്പം (113000/- രൂപ) വാറ്റ് ഈടാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13-ന് (തീയതി. 20.10.16) മറുപടി നൽകാത്ത സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പുനർലേലം വഴി ആദ്യ ലേലത്തിൽ പങ്കെടുത്തവർ വിളിച്ചവരേക്കാൾ കുറഞ്ഞ തുകയ്ക്കാണ് വാഹനം നൽകിയത്. (ആദ്യ ലേലത്തിൽ പങ്കെടുത്തവരിൽ നിന്നും നിരതദ്രവ്യം ഈടാക്കേണ്ടതാണ്) പുനർലേലത്തിൽ ലേലം സ്ഥിരപ്പെടുത്തിയ വ്യക്തിയിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ലെങ്കിൽ വാറ്റ് ഈടാക്കേണ്ടതാണ്.

## 3-5. കെട്ടിട നിർമ്മിതിക്ക് മുമ്പേ ഫർണിച്ചർ വാങ്ങി, പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

പ്രോജക്ട് നം. - S0053/16
പ്രോജക്ടിന്റെ പേര് - കൊണ്ണിയൂർ കുടുംബക്ഷേമ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ.
നിർവഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി. വീരണകാവ്.
അടങ്കൽ തുക – 22400/- (മെയിന്റനൻസ് - റോഡിതരം)
ചെലവ് തുക - 22400/-
ബിൽ നം. - 11/15-16 – തീയതി 25.03.2016

കൊണ്ണിയൂർ കുടുംബക്ഷേമ കേന്ദ്രത്തിന് വേണ്ടി സിഡ്കോയിൽ നിന്നും വാങ്ങിയ ഫർണിച്ചറുകൾ ടി കേന്ദ്രത്തിൽ ലഭ്യമാക്കാതെ വീരണകാവ് പി.എച്ച്.സി-യിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിലാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നത്. കെട്ടിടം നിർമ്മിച്ചപ്പോൾ കേന്ദ്രത്തിലേക്ക് ആവശ്യമായി വരുന്ന ഫർണിച്ചറുകളാണ് വാങ്ങിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി 12 (തീയതി. 22.10.2016) ന് മറുപടി നൽകിയിട്ടില്ല.

## 3-6. Non Availability Certificate സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - S0047/16
പ്രോജക്ടിന്റെ പേര് - മെഡിസിൻ (മരുന്ന്), ഹോസ്പിറ്റൽ ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങൽ.
നിർവഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി. വീരണകാവ്.
അടങ്കൽ തുക - 400000/- (മെയിന്റനൻസ് - റോഡിതരം)

ചെലവ് തുക - 400000/-ബിൽ നം. - 6/16 – തീയതി. 20.01.16.

പ്രോജക്ട് പ്രകാരം 150000/-(ഒരു ലക്ഷത്തി അമ്പതിനായിരം) രൂപയുടെ ഫർണിച്ചറും ഹോസ്പിറ്റൽ ഉപകരണങ്ങളും സിഡ്കോയിൽ നിന്നും (ഡി.ഡി.നം.66596 - 20.01.16 Rs.150000/-) വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കിയില്ല. ഡി.ഡി.നം.666591 തീയതി 20.01.16 പ്രകാരം 150000/-രൂപയും ഒരു ലക്ഷം രൂപയും(ഡി.ഡി യുടെ പകർപ്പ്,കൈപ്പറ്റ് രസീത് എന്നിവ ഇല്ല) മരുന്ന് പി.എച്ച്.സി-ക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും "Non Availability Certificate" ഇല്ലാതെയാണ് മരുന്ന് നീതി മെഡിക്കൽ സ്റ്റോർ.സ്റ്റാച്യൂ,തിരുവനന്തപുരം ൽ നിന്നും വാങ്ങിയിരിക്കുന്നത്. ഡി.ഡി.യുടെ പകർപ്പ്, കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ, പദ്ധതി മാർഗ്ഗരേഖ 362/13 പ്രകാരമുള്ള Non Availability Certificate എന്നിവയുടെ അഭാവത്തിൽ ടി പ്രോജക്ടിനുവേണ്ടി മൊത്തം ചെലവഴിച്ച 400000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 17-ന് (22.10.16) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-7. പാലിയേറ്റീവ് കെയർ - വാഹന വാടക നൽകിയത് ക്രമവിരുദ്ധം

പ്രോജക്ട് നം. - SO254/16

നിർവഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ തുക - 67962/-രൂപ

ചെലവ് തുക - 67962/-രൂപ ബിൽ നം. - 4/16 – തീയതി. 11.12.15 – 45300/-
13/16- തീയതി. 28.03.16 – 22662/-

മേൽ പ്രോജക്ട് നടത്തുന്നതിന് വേണ്ടി വാടകയ്ക്ക് എടുത്ത KE-194 എന്ന വാഹനത്തിന് Tourist Taxi Receipt അനുസരിച്ച് തുക നൽകിയിട്ടുണ്ട്. ആയതിൽ കിലോമീറ്ററും സമയവും രേഖപ്പെടുത്തിയിട്ടില്ല. കിലോമീറ്ററിന് 14/-രൂപയും ഒരു മണിക്കൂർ വെയിറ്റേജിന് 50/-രൂപയുമാണ് വാടക. 1000/-രൂപക്ക് മുകളിലുള്ള തുക നൽകുമ്പോൾ ഡി.ഡി. മുഖാന്തിരമാണ് തുക നൽകേണ്ടിയിരുന്നത്. അത് പാലിച്ചിട്ടില്ലായെന്നത് ക്രമവിരുദ്ധമായ നടപടിയാണ്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി 17-ന് (22.10.16) മറുപടി നൽകിയിട്ടില്ല.

## 3-8. ജീവിത ശൈലീ രോഗ നിർണ്ണയ പരിപാടി മാർഗ്ഗരേഖക്ക് വിരുദ്ധം

പ്രോജക്ട് നം. - SO049/16

പ്രോജക്ടിന്റെ പേര് - ജീവിത ശൈലീ രോഗ നിർണ്ണയ പരിപാടി

നിർവഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ തുക - 200000/- (മെയിന്റനൻസ് - റോഡിതരം)

ചെലവ് തുക - 200000/-

ബിൽ നം. - 3/16 – തീയതി. 11.12.15 – 50000/-

9/16 – തീയതി. 29.12.15 – 150000/-

മേൽ പ്രോജക്ടിന് മെയിന്റനൻസ് ഫണ്ട് - റോഡിതരം ൽ നിന്നും 200000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്).4/16.ത.സ്വ.ഭ.വ.തീ. 11.01.16. ഖണ്ഡിക 7 പ്രകാരം ഇത്തരം പരിപാടികൾ ടി ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുവാൻ പാടില്ല. ഡി.ഡി.നം.510696 തീയതി.01.03.16 പ്രകാരം 108000/-രൂപ നീതി മെഡിക്കൽസ് ട്രിവാൻഡ്രം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന് (ബിൽ നം.ICR74 തീയതി. 25.02.16 പ്രകാരം) മരുന്ന് വാങ്ങിയ ഇനത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് വാങ്ങലിന് മുമ്പ് ക്യാമ്പ് തുടങ്ങിയിരുന്നുവെന്നതാണ്. മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി 17-ന് (തീയതി.22.10.16) മറുപടി നൽകാത്തസാഹചര്യത്തിൽ ടി പ്രോജക്ടിനുവേണ്ടി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-9. പ്രിന്റിംഗ് പ്രവൃത്തികൾ - അപാകതകൾ

2015-16 സാമ്പത്തിക വർഷം പ്രിന്റിംഗ് പ്രവർത്തികളുമായി ബന്ധപ്പെട്ട് വിവിധ വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. 2015-16 അന്തിമ പദ്ധതി രേഖ, പ്രോജക്ട് കവർ എന്നിവ പ്രിന്റ് ചെയ്ത വകയിൽ20100 രൂപയും (voucher no 296/16,17.07.15) വൗച്ചർ നം.1205/16 തീയതി 19.03.16 മുതൽ 1208/16 വരെ വിവിധ പ്രിന്റിംഗുകളിലായി 26700/-രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രിന്റിംഗിനുവേണ്ടി ക്ഷണിച്ച ക്വട്ടേഷൻ , പ്രിന്റിംഗ്

സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല. വർഷംതോറും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രിന്റിംഗിനായി തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഭാവിയിൽ ഇതിനായി പദ്ധതി രൂപീകരിച്ച് ക്വട്ടേഷൻ നടപടികളിലൂടെ പ്രിന്റിംഗുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കേണ്ടതാണ്.

## 3-10 വൃദ്ധജന പരിപാലനം - മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം - 149500/- രൂപ തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ വൃദ്ധ ജനആരോഗ്യം ലക്ഷ്യം വച്ച് തയ്യാറാക്കിയ പ്രോജക്ടാണ് വൃദ്ധജനപരിപാലനം (SO 52/16) മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്ന് 149500/- രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. മാർഗ രേഖയ്ക്ക് വിരുദ്ധമായ ഈ പ്രോജക്ടിന്റെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- ആകെ ചെലവിന്റെ 48% ( 71760/- രൂപ) ഉത്ഘാടനം, ലഘുഭക്ഷണം, ചെണ്ടമേളം, ടാക്സി, മൈക്ക് സെറ്റ് തുടങ്ങിയവയ്ക്കായി നൽകിയിരിക്കുന്നു.
- രക്ത പരിശോധനയ്ക്കായി 55740/- രൂപ (37%) ഒരു ലബോറട്ടറിയ്ക്ക് നൽകിയിരിക്കുന്നു. രക്ത പരിശോധന ഫലം ലഭിച്ചതായോ, രക്ത സാമ്പിളുകൾ ആരുടേതാണെന്നോ, ലബോറട്ടറി തിരഞ്ഞെടുത്ത രീതിയോ ഒന്നും തന്നെ ഫയലുകളിൽ ലഭ്യമല്ല.
- ടെക്നീഷ്യന്മാർക്ക് ഇൻസെന്റീവ് ഇനത്തിലായി 22000/-രൂപ (15%) നൽകിയിരിക്കുന്നു. ടെക്നീഷ്യന്മാരുടെ ജോലിയെക്കുറിച്ചോ, ഇവരുടെ യോഗ്യത സംബന്ധിച്ചോ ഫയലുകളിൽ നിന്നും വ്യക്തമല്ല.

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവഹിച്ച മേൽ പ്രോജക്ടിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ17 നൽകിയിട്ടുണ്ട്. മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാത്ത മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായ ഈ പ്രോജക്ടിന്റെ ആകെ തുകയായ 1,49,500/- രൂപ (ബിൽ നം.10/2016 തീയതി 29.2.2016 , 12/2016 തീയതി 23.8.2016 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-11 വീരണക്കാവ് അംഗൻവാടി മെയിന്റനൻസ് - എസ്റ്റിമേറ്റിലെ അപാകത – 9000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - എസ്. ഒ. 098/16
കരാറുകാരൻ - ഗുണഭോക്തൃ സമിതി
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക - 100000/-
എം. ബുക്ക് - 17/15-16
ഡി. ഡി. നം. - 666009 തീയതി 28.12.2015
ഡിഡി തുക - 93397/-
Item no. 4

Supply & fixing PVC .5HP pumpset with cable pannel board starter etc complete d1 no.s (as per bill) 9000/- ലക്ഷ്യം കൈവരിക്കാത്ത ഈ പ്രവൃത്തിയിലെ ഇനം (4) തുകയായ 9000/- രൂപ തടസ്സപ്പെടുത്തുന്നു.

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 84-ാം നമ്പർ അംഗൻവാടിയായ വീരണക്കാവ് അംഗൻവാടിയിലെ മെയിന്റനൻസ് ഫയലുകളുടെ പരിശോധനയുടെ ഭാഗമായി, 20.10.2016 ന് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ അംഗൻവാടി കിണറിൽ സ്ഥാപിച്ച ഇലക്ട്രിക് പമ്പ് സെറ്റ് പ്രവർത്തന രഹിതമായതിനാൽ കിണറിൽ നിന്നും മാറ്റി വച്ചിട്ടുള്ളതായി കണ്ടു. 18.12.2015ൽ സ്ഥാപിച്ച ഈ പമ്പ് സെറ്റ് ആദ്യ മാസത്തിൽ തന്നെ കേടായതായി അംഗൻവാടി ടീച്ചർ അറിയിച്ചു. കിണറിന്റെ ആഴത്തിനനുസരിച്ച് പമ്പ് സെറ്റിന്റെ കുതിരശക്തി കണക്കാക്കിയതിലെ പിഴവാണ് മേൽ അപാകതയ്ക്ക് കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഈ പ്രവൃത്തിക്കായി ചെലവാക്കിയ 9000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ - ടെണ്ടർ നടപടി സ്വീകരിച്ചില്ല

പ്രോജക്ട് നമ്പർ :45/15-16

വകയിരുത്തുയത് :3,22,000

ചെലവഴിച്ചത് :1,90,680

ബിൽ നമ്പർ :11/15

തീയതി :24/2/2016

പേര് : പത്താംക്ലാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥി കൾക്ക് സൈക്കിൾ.

നിർവ്വഹണം : എച്ച്.എം (ഗവ.എൽ.പി.എസ്)

പട്ടികവിഭാഗത്തിൽപ്പെടുന്ന 30 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യാനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത് . ആയതിൻ പ്രകാരം സിഡ്കോയിൽ നിന്നും ബിൽ നമ്പർ :0393, തീയതി :24/2/2016 പ്രകാരം 1,90,680/- രൂപയ്ക്ക് സൈക്കിൾ വാങ്ങുകയുണ്ടായി.സൈക്കിൾ ഒന്നിനു 6100/- രൂപ നിരക്കിൽ 30 സൈക്കിളിന് 1,90,680/-രൂപ നൽകിയ സ്ഥാനത്ത്,, ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ കുറഞ്ഞ നിരക്കിൽ സൈക്കിൾ ലഭ്യമാകുമായിരുന്നു. മുൻ വർഷങ്ങളിൽ ടെണ്ടർ നടപടികളിലൂടെ വാങ്ങിയപ്പോൾ സൈക്കിൾ ഒന്നിന് 4100 രൂപയ്ക്ക് ലഭ്യമായിരുന്നു.. കുറഞ്ഞ തുകയ്ക്ക് ഇതേ ഉപകരണങ്ങൾ ടെണ്ടർ മുഖേന വാങ്ങാത്തതിനാൽ വൻതുകകൾ നഷ്ടം ഉണ്ടാകുന്നു(6100*30=1,83,000), 4100*30 =1,23,000/-). വരും വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ മുൻകരുതലുകൾ എടുത്തുകൊണ്ട് സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പദ്ധതി ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തണം

പ്രോജക്ട് നമ്പർ -169/15-16

ഖരമാലിന്യ നിർമ്മാർജ്ജനം (ബയോഗ്യാസ് പ്ലാന്റ്)

നിർവ്വഹണം - വി.ഇ.ഒ

വികസനഫണ്ട് - 1,89,050/-

സംസ്ഥാനാവിഷ്കൃത ഫണ്ട് - 1,13,300/-

മറ്റുള്ളവ - 1,94,250/-

ശുചിത്വമിഷനും പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും ചേർത്ത് (10400/-) 177 പേർക്ക് ബയോഗ്യാസ് പ്ലാന്റും ,100പേർക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റും (2,500) നൽകാനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗുണഭോക്താക്കൾ ആവശ്യത്തിൽ അധികം ഉണ്ടായിട്ടും ആകെ 74പേർക്ക് മാത്രം ബയോഗ്യാസ് പ്ലാന്റ് നൽകിയത് പദ്ധതി ആസൂത്രണത്തിലുണ്ടായ പാളിച്ചയായി വിലയിരുത്തുന്നു. പ്ലാന്റ് ലഭ്യമായ 74 പേരുടെ അപേക്ഷകളിൽ ബന്ധപ്പെട്ട വി.ഇ.ഒ , ഭരണ സമിതി അംഗങ്ങൾ, തുടങ്ങിയവരുടെ സാക്ഷ്യപ്പെടുത്തലുകൾ രേഖപ്പെടുത്തിയിട്ടില്ല. 18/2/2015- ലെ 412/സി6/2015/എസ്.എം ശുചിത്വമിഷൻ ഉത്തരവ് ഖണ്ഡിക (7) ,(8), (9) പ്രകാരം സർക്കാർ സ്കൂളുകളിലും, എയ്ഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി ജില്ലാ ശുചിത്വമിഷൻ മോണിറ്റർ ചെയ്യുന്നതിനായുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. പർച്ചേസ് കമ്മിറ്റി രൂപീകരികാതെ പദ്ധതി നടപ്പിലാക്കിയത് വീഴ്ചയായി വിലയിരുത്തുന്നു

## 3-14 ഗുണഭോക്തൃസമിതി കൺവീനർ മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - മാർഗ്ഗരേഖപാലിച്ചിട്ടില്ല

ഗുണഭോക്തൃസമിതി കൺവീനർ മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ മാർഗ്ഗരേഖപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1.ഗുണഭോക്തൃസമിതി യോഗം ചേർന്ന് കൺവീനറേയും ചെയർമാനേയും തെരഞ്ഞെടുക്കുന്നുവെങ്കിലും തൻവർഷം നടപ്പിലാക്കിയ ഒരു പ്രവൃത്തിയിൽ പോലും പണി ആരംഭിച്ചതു മുതലുള്ള പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയോ, ചെലവുവൗച്ചറുകൾ പാസാക്കുകയോ,ഭാവി നടപടികൾ ചർച്ചചെയ്ത്

തീരുമാനിക്കുകയോ,യോഗനടപടികൾ മിനിട്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2.പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ പണമിടപാടുകൾ നടത്തുന്നതിന് ഗുണഭോക്തൃസമിതി കൺവീനർ,ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് പാലിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.
3.മസ്റ്റർറോളുകളിൽ പ്രവൃത്തികളുടേയും തൊഴിലാളികളുടേയും വിവരങ്ങൾ,പ്രവൃത്തിയുടെ പേര്,വാർഡ് നം.,പ്രവൃത്തി നടന്ന തീയതി,വേതനം തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തണമെന്നും,ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ മസ്റ്റർറോൾ സൂക്ഷിക്കണമെന്നും വ്യവസ്ഥയുണ്ട്.ആയത് പൂർണമായും പാലിച്ചിട്ടില്ല.
4.പ്രവൃത്തിയുമായി ബന്ധപ്പെട്ട വരവുചെലവ് സംബന്ധിക്കുന്ന ഒരു കണക്കുപുസ്തകം സൂക്ഷിക്കണമെന്നും പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ഗുണഭോക്തൃസമിതി യോഗം ചേർന്ന് വരവു ചെലവു കണക്കുകൾ കൺവീനർ അവതരിപ്പിക്കണമെന്നും വ്യവസ്ഥയുണ്ട്.നിർമാണം പൂർത്തിയാക്കി എന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ട് മാത്രമാണ് ഫയലിൽ ഉള്ളത്.
ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴികാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.56/16 തേരിനട അണ്ടൂർ കോണം റോഡിൽ പോസ്റ്റ് മാറ്റി ഇലക്ട്രിക് ലൈൻ മാറ്റൽ | വൗച്ചർ നം.405/16 18.08.15 ചെക്ക് നം.518607 തീയതി. 18.08.15 | 12895 | 0 | 12895/ |
| കെ.എസ്.ഇ.ബി) | പ്രോജക്ട് നം.58/16 കാരവിള പൂളിങ്കീഴ് റോഡിൽ ഇലക്ട്രിക് ലൈൻ നീട്ടൽ | വൗച്ചർ നം.406/16 18.08.15 ചെക്ക് നം.518608 18.08.15 | 3187 | 0 | 31871/ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.57/16 അരുവിക്കുഴി ഇല ച്ചിലാമൂട് റോഡിൽ പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടൽ | വൗച്ചർ നം.552/16 22.09.15 ചെക്ക് നം.518691 29.05.15 | 41480 | 0 | 41480/ |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.60/16 ഇളംചിറ-കൈത ക്കുഴി കല്ലാമം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിറ്റി) | ബിൽ നം.36/16 ഡി.ഡി.നം. 511720/29.03.16 | 80000 | 0 | 80000/ |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.61/16 മാത്തികോണം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം.37/16 23.03.16 ഡി.ഡി.നം.511728/ തീയതി .29.03.16 | 118000/-രൂപ | 0 | 118000/ |
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.165/16 അംഗൻ വാടികൾക്ക് വൈദ്യുതീകരണം | ബിൽ നം.5/16 25.07.15 ഡി.ഡി.നം. 404877/27.07.15 | 183375/-രൂപ | 0 | 183375/- |
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.166/16 തെരുവ് വിളക്ക് സ്ഥാപി ക്കൽ സൂപ്പർവിഷൻ ചാർജ് | വൗച്ചർ 296/16 തീയതി.21.07.15 ചെക്ക് നം.518568/ 21.07.15 | 13950/-രൂപ | 0 | 13950/ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | " " | വൗച്ചർ നം.295/ 21.07.15 ചെക്ക് നം.518567/ 21.07.15 | 92000/-രൂപ | 0 | 92000/ |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.59/15-16 മലവിള-ഊറ്റുകഴിറോഡിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.35/16 തീയതി.23.03.16 ഡി.ഡി.നം.511719 29.03.15 | 220000/-രൂപ | 0 | 220000/ |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ഇ.എം.എസ് ഭവന പദ്ധതി | 429/2010; 06/02/10 | 21069000 | 10534500 | 2106900 | 1003232 | 8427600 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | ഇല്ല |
| ആകെ | - |

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 109633346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 90504267 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 62784 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2834698 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2285198 | സെക്രട്ടറി |
| 3-6 | 400000 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10 | 149500 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | 9000 | അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സൂരജ് .സി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | പൂവച്ചൽ ഗ്രാമപഞ്ചായത്ത് | ചൈതന്യ, മണ്ഡപത്തിൻകടവ്, ഒറ്റശേഖരമംഗലം .പി.ഒ |

| | | |
|---|---|---|
| ശ്രീ. ഗോപിനാഥൻ. കെ, സെക്രട്ടറി | | അനീഷം, കൊട്ടറക്കോണം, റസ്സൽപുരം.പി.ഒ |
| ഡോ.നെൽസൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | എൻ.ആർ.ഭവൻ,മൈലക്കര, കള്ളിക്കാട്.പി.ഒ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1253/03, dt 21.06.14 | | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 5/915/05, dt 21.06.14 | | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.5/264/07,dt 21.06.14 | | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 5/1865,21.06.2014 | | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.5/817(A)/09,dt 28.10.11 | | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.5/818/09,dt 28.10.11 | | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.5/916/2010, dt 12.04.11 | | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.5/385/14,dt 03.09.2014 | | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.5/84/15,dt 09.07.15 | | |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി5/84/15, dt 09.07.15 | | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1848,dt 19.10.15, | | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1334/15, dt 3/06/15 | | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1346/15,<br>dt 15.10.15 | | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1312/16,<br>dt 19.07.16 | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ന്യൂനതകളുടെ സംഗ്രഹം

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്